**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3015** **18-03-2022 - ൽ മറുപടിയ്ക്ക്**

**പുതുപ്പള്ളി മണ്ഡലത്തിലെ ശുദ്ധജല പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | null<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പുതുപ്പള്ളി നിയോജകമണ്ഡലത്തിലെ വാകത്താനം, മീനടം, പാമ്പാടി, കൂരോപ്പട, അയർക്കുന്നം, അകലകുന്നം, മണർകാട്, പുതുപ്പള്ളി എന്നീ പഞ്ചായത്തുകളിൽ കേന്ദ്ര ഗവൺമെന്റിന്റെ കൂടി സഹായത്തോടെ നടത്തുന്ന ശുദ്ധജല വിതരണ പദ്ധതികൾ ഏതൊക്കെയാണ്; ഓരോ പദ്ധതിയിലും ഉൾപ്പെടുന്ന പഞ്ചായത്തുകൾ ഏതൊക്കെയാണെന്നും ഓരോ പദ്ധതിക്കും എപ്പോഴാണ് അംഗീകാരം കിട്ടിയതെന്നും വ്യക്തമാക്കുമോ; | (എ) | പുതുപ്പള്ളി നിയോജകമണ്ഡലത്തിലെ വാകത്താനം, മീനടം, പാമ്പാടി, കൂരോപ്പാട, അയർക്കുന്നം, അകലക്കുന്നം, മണർകാട് , പുതുപ്പള്ളി എന്നീ പഞ്ചായത്തുകളിൽ കേന്ദ്രഗവൺമെന്റിന്റെ കൂടി സഹായത്തോടെ നടത്തുന്ന ശുദ്ധജലവിതരണ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഓരോ പദ്ധതിയുടെയും ഇപ്പോഴത്തെ സ്ഥിതി എന്താണ്; ഓരോ പദ്ധതിയിലൂടെയും എത്ര കുടുംബങ്ങൾക്ക് ശുദ്ധജലം എത്തിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും ഓരോ പദ്ധതിയുടെയും അടങ്കൽ തുക എത്ര വീതമാണെന്നും വ്യക്തമാക്കുമോ; ഓരോ പദ്ധതിയും എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ? | (ബി) | പുതുപ്പള്ളി നിയോജകമണ്ഡലത്തിലെ വാകത്താനം, മീനടം, പാമ്പാടി, കൂരോപ്പാട, അയർക്കുന്നം, അകലക്കുന്നം, മണർകാട് , പുതുപ്പള്ളി എന്നീ പഞ്ചായത്തുകളിൽ കേന്ദ്രഗവൺമെന്റിന്റെ കൂടി സഹായത്തോടെ നടത്തുന്ന ശുദ്ധജലവിതരണ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**പുതുപ്പള്ളി നിയോജകമണ്ഡലത്തിലെ കേന്ദ്ര സർക്കാരിന്റെ കൂടെ സഹായത്തോടു കൂടി നടപ്പിലാക്കുന്ന ശുദ്ധജല പദ്ധതികളുടെ വിവരങ്ങൾ**

| ക്രമ നം. | പദ്ധതിയുടെ പേര് | പഞ്ചായത്ത് | നിലവിലെ സ്ഥിതി | | | പൂർത്തീകരിക്കുവാൻ സാധിക്കുന്ന തീയതി | പദ്ധതി നിർവ്വഹണ പുരോഗതി |
|---|---|---|---|---|---|---|---|
| | | | അംഗീകാരം കിട്ടിയ തീയതി | ഗുണഭോക്തൃ കുടുംബങ്ങളുടെ എണ്ണം | അടങ്കൽ തുക (ലക്ഷത്തിൽ) | | |
| **NRDWP പദ്ധതികൾ** | | | | | | | |
| 1 | വാകത്താനം പഞ്ചായത്തിനുള്ള ശുദ്ധജല വിതരണ പദ്ധതി | വാകത്താനം | WS/65/2012-13 dated, 6-11-2012 | 8932 | 3000 | 30-6-2022 | കോട്ടയം മുനിസിപ്പാലിറ്റി, വാകത്താനം, വിജയപുരം, പുതുപ്പള്ളി, മീനടം എന്നീ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള കിണറും പമ്പു ഹൌസും, മീനച്ചിലാറിൽ പേരൂരിൽ 12 മീറ്റർ വ്യാസമുള്ള കിണർ എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചു. ചുറ്റുമതിലിന്റെ പണികൾ പൂർത്തിയായി. ലീഡിംഗ് പൈപ്പിന്റെ പണികൾ പുരോഗമിച്ചു വരുന്നു. 93% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. NRDWP –യിൽ ഫണ്ട് ലഭ്യമല്ലാത്തതിനാൽ തടസ്സപ്പെട്ട ഘടകങ്ങളായ ടാങ്കുകളും പമ്പിംഗ് മെയിനും, വിതരണശൃംഖലയും ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കിയിട്ടുണ്ട്. |
| 2 | അയർക്കുന്നം, കൂരോപ്പട, പാമ്പാടി പഞ്ചായത്തിനുള്ള ശുദ്ധജല വിതരണ പദ്ധതി | അയർക്കുന്നം, കൂരോപ്പട, പാമ്പാടി | WS/52/2013-14 dated, 6-7-2013 | 23243 | 1946 | 30/6/2022 | റോ വാട്ടർ പമ്പിംഗ് മെയിൻ 500 എംഎം ഡിഐ പൈപ്പ് 90 മീറ്റർ, 12mld ശേഷിയുള്ള ശുദ്ധീകരണശാല, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ഗ്രാവിറ്റി മെയിൻ എന്നിവയുടെ പ്രവൃത്തികൾ 62% പൂർത്തീകരിച്ചു. ബാക്കി പണികൾ പുരോഗമിച്ചു വരുന്നു. പാമ്പാടി ആർഐറ്റി കോമ്പൌണ്ടിൽ ഉന്നത തല ജലസംഭരണിയുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. വിതരണ ശൃംഖല സ്റ്റേറ്റ് പ്ലാൻ 2019-20-ൽ പെടുത്തി സർവ്വേ നടപടികൾ പൂർത്തീകരിച്ചു. അയർക്കുന്നം, കൂരോപ്പട, പാമ്പാടി എന്നീ ഗ്രാമപഞ്ചായത്തുകളിലെ വിതരണ ശൃംഖലയ്ക്കും, ഗാർഹിക കണക്ഷൻ നല്കുന്നതിനുമായി ജല ജീവൻ മിഷനിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | അകലകുന്നം, മുത്തോലി പഞ്ചായത്തിനുള്ള ശുദ്ധജല വിതരണ പദ്ധതി | അകലകുന്നം, മുത്തോലി | WS/51/2013-14 dated, 6-7-2013 | 12495 | 1547 | 31-5-2022 | മീനച്ചിലാറിൽ 6 മീറ്റർ വ്യാസമുള്ള കിണറും, പമ്പ് ഹൌസും, റോ വാട്ടർ പമ്പിംഗ് മെയിനും പൂർത്തീകരിച്ചു. 10mld ശേഷിയുള്ള ജല ശുദ്ധീകരണശാലയുടെ പണിക ൾ 94% പൂർത്തീകരിച്ചു. സമ്പ്, പമ്പ് ഹൌസ്, കെമിക്കൽ റൂം, ഫിൽറ്റ ർ ഹൌസ്, എയ്റേറ്റർ, ക്ലാരിഫയർ, ഫ്ളാഷ് മിക്സർ എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ച് 28-06-2017-ൽ ഭാഗീകമായി കമ്മീഷൻ ചെയ്തു. ട്രാൻസ്ഫോർമർ റൂം, പവർ കണക്ഷൻ വർക്കുകൾ, റോഡുകളുടെ നിർമ്മാണം എന്നിവ പുരോഗമിച്ചുവരുന്നു. സ്റ്റേറ്റ് പ്ലാൻ 2018-19-ൽ ഉൾപ്പെടുത്തി 98 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ ശുദ്ധീകരണശാലയുടെ സംരക്ഷണ ഭിത്തിയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.കരിമ്പാനിയിൽ പണിയുന്ന 3 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി പൂർത്തീകരിച്ചു. ചെങ്ങളത്ത് പണിയുന്ന 3 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി പൂർത്തീകരിച്ചു. ഇടമുളയിൽ പണിയുന്ന 1.25 ലക്ഷം ലിറ്റർ ശേഷിയുള്ള സമ്പ്, ബൂസ്റ്റിംഗ് സ്റ്റേഷൻ എന്നിവയും പൂർത്തിയാക്കിയിട്ടുണ്ട്. സ്റ്റേറ്റ് പ്ലാൻ 2018-19-ൽ ഉൾപ്പെടുത്തി 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ പമ്പ് സെറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയിൽ പമ്പ് സപ്ലൈ പൂർത്തിയായി. പമ്പ് സ്ഥാപിക്കുന്ന പ്രവൃത്തി 35% പൂർത്തിയായി. സ്റ്റേറ്റ് പ്ലാൻ 2019-20-ൽ ഉൾപ്പെടുത്തി 16.73 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയുടെ സർവ്വേ നടപടികൾ പൂർത്തിയായി. അകലക്കുന്നം ഗ്രാമപഞ്ചായത്തിന്റെ വിതരണശൃംഖലയ്ക്കായി ജല ജീവൻ മിഷനിൽ 4562 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. |
| 4 | മണർകാട് പഞ്ചായത്തിനുള്ള ശുദ്ധജല വിതരണ പദ്ധതി | മണർകാട് | WS/50/2013-14 dated, 6-7-2013 | 27579 | 1475 | | 10 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണി, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ ട്രാൻസ്മിഷൻ മെയിൻ, വിതരണ ശൃംഖല തുടങ്ങിയവ ഉൾപ്പെട്ട പദ്ധതി 2020 മാർച്ച് മാസം പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തു. ശേഷിക്കുന്ന വിതരണ ശൃംഖലയും 5831 ഗാർഹിക കണക്ഷനുകളും നല്കുന്ന പ്രവൃത്തിക്കായി 3612 ലക്ഷം രൂപയുടെ ഭരണാനുമതി ജല ജീവൻ മിഷനിൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ കരാർ ഏർപ്പാടാക്കിയിട്ടുണ്ട്. |
| 5 | പുതുപ്പള്ളി, മീനടം പഞ്ചായത്തുകൾക്കുള്ള | പുതുപ്പള്ളി, മീനടം | 6-7-2013 | | 1815.4 | | പേരൂരിലെ ജല ശുദ്ധീകരണ ശാലയിൽ നിന്നുള്ള നിർദ്ദിഷ്ട ഉന്നതതലജലസംഭരണിയിലേയ്ക്കുള്ള പമ്പിംഗ് മെയിൻ പൂർത്തീകരിച്ചു. NRDWP –യിൽ ഫണ്ട് ലഭ്യമല്ലാത്തതിനാൽ മുമ്പ് തടസ്സപ്പെട്ട പുതുപ്പള്ളി പഞ്ചായത്തിനു വേണ്ടിയുള്ള ടാങ്കുകളും പമ്പിംഗ് മെയിനും, |

| | | | | | | | |
|---|---|---|---|---|---|---|---|
| | ശുദ്ധജല വിതരണ പദ്ധതി | | | | | | വിതരണശൃംഖലയും ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മീനടം പഞ്ചായത്തിലെ ജല ജീവൻ മിഷൻ പദ്ധതി ജലനിധി മുഖേന നടപ്പിലാക്കുന്നു. |
| | **ജല ജീവൻ മിഷൻ പദ്ധതികൾ** | | | | | | |
| 1 | വാകത്താനം | വാകത്താനം | 21-08-2020 | 8774 | 8110 | 31-3-2024 | ജല ജീവൻ മിഷൻ പദ്ധതിയിൽ 8774 ഗാർഹിക കണക്ഷൻ നൽകുന്നതിനായി 8110 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയായി 235 ഗാർഹിക കണക്ഷനുകൾ നല്കിയിട്ടുണ്ട്. ശേഷിക്കുന്ന 8539 കണക്ഷനുകൾ നൽകുന്നതിന് ജലസംഭരണികൾനിർമിയ്ക്കുന്നതിനുള്ള സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് നൽകുന്ന മുറക്ക് കരാറുകാരന് പ്രവൃത്തി അനുവദിക്കുവാൻ സാധിക്കുന്നതാണ് |
| 2 | അയർക്കുന്നം ഘട്ടം 1 | അയർക്കുന്നം | 21-08-2020 | 500 | 273.84 | | ജല ജീവൻ മിഷൻ പദ്ധതിയിൽ ഒന്നാം ഘട്ടത്തിൽ 500 ഗാർഹിക കണക്ഷൻ നൽകുന്നതിനായി 273.84 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പ്രവൃത്തി പൂർത്തീകരിച്ചു. |
| | അയർക്കുന്നം ഘട്ടം 2 | അയർക്കുന്നം | 24-12-2020 | 7820 | 3671 | 31-3-2024 | ജല ജീവൻ മിഷൻ പദ്ധതിയിൽ 7820 ഗാർഹിക കണക്ഷൻ നൽകു-ന്നതിനായി 3671 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. 4 പാക്കേ-ജുകളിലായി പ്രവൃത്തി ഏർപ്പാടാക്കി പണി പുരോഗമിച്ചു വരുന്നു. |
| 3 | പാമ്പാടി | പാമ്പാടി | 18-09-2021 | 8000 | 4813.3 | 31-3-2024 | ജല ജീവൻ മിഷൻ പദ്ധതിയിൽ 8000 ഗാർഹിക കണക്ഷൻ നൽകുന്നതിനായി 4813.3 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. 9 പാക്കേജുകളിലായി നടപ്പിലാക്കുന്ന ഈ പ്രവൃത്തിയിൽ, പാക്കേജ് 1, 2, 3 & 9 ഇവ ഒരു പ്രവൃത്തിയായി ടെണ്ടർ ചെയ്ത് പ്രവൃത്തിദാന ഉത്തരവ് നല്കി. പാക്കേജ് 5-ൽ 3% പണികൾ പൂർത്തിയായി. HDPE പൈപ്പ് വിതരണം ചെയ്തു. പാക്കേജ് 7-ൽ 6% പണികൾ പൂർത്തിയായി. 16,17,18 വാർഡുകളിൽ 90mm HDPE പൈപ്പ് സ്ഥാപിക്കൽ പ്രവൃത്തി പുരോഗമിച്ചു വരുന്നു. 4, 6 8 പാക്കേജുകളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ദാന ഉത്തരവ് നല്കിയിട്ടുണ്ട്. |
| 4 | പുതുപ്പള്ളി ഘട്ടം1 | | 21-08-2020 | 150 | 35 | | ജല ജീവൻ മിഷൻ പദ്ധതിയിൽ ഒന്നാം ഘട്ടത്തിലായി 150 ഗാർഹിക കണക്ഷൻ നൽകുന്നതിനായി 35 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പ്രവൃത്തി പൂർത്തീകരിച്ചു. |
| | പുതുപ്പള്ളി ഘട്ടം 2 | പുതുപ്പള്ളി | 18-09-2021 | 8139 | 7771 | 31-03-2024 | ജല ജീവൻ മിഷൻ പദ്ധതിയിൽ 8139 ഗാർഹിക കണക്ഷൻ നൽകുന്നതിനായി 7771 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായി. |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | ഇരവിനെല്ലൂരിൽ 2.5 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണി പണിയുന്നതിനുള്ള 10 സെന്റ് സ്ഥലവും കീഴാറ്റുകുന്നിൽ 8.5 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണി പണിയുന്നതിനുള്ള 10 സെന്റ് സ്ഥലവും പഞ്ചായത്ത് കൈമാറിയിട്ടുണ്ട്. പരിയാരത്ത് 4.5 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണി പണിയുന്നതിനുള്ള 8 സെന്റ് സ്ഥലം പഞ്ചായത്ത് കൈമാറുവാനുണ്ട്. അതിനു ശേഷം മാത്രമേ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ. പാക്കേജ് 1 – കുമരംകോട് 5% പണികൾ പൂർത്തീകരിച്ചു. പാക്കേജ് 2 – വെണ്ണിമല 3% പണികൾ പൂർത്തീകരിച്ചു. പൈപ്പ് സ്ഥാപിക്കൽ നടന്നു വരുന്നു. |
| 5 | മണ്ണർകാട് ഘട്ടം 1 | മണ്ണർകാട് | 21-08-2020 | 350 | 70 | | ജല ജീവൻ മിഷൻ പദ്ധതിയിൽ ഒന്നാം ഘട്ടത്തിലായി 350 ഗാർഹിക കണക്ഷൻ നൽകുന്നതിനായി 70 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പ്രവൃത്തി പൂർത്തീകരിച്ചു. |
| | മണ്ണർകാട് ഘട്ടം 2 | മണ്ണർകാട് | 24-12-2020 | 5481 | 2572 | 21-08-2022 | 07-02-2020-ൽ പ്രവൃത്തി കരാർ ഏർപ്പാടാക്കി. |
| | | | 23-02-2022 | | 970 | | |
| 6 | അകലകുന്നം | അകലകുന്നം | 24-12-2020 | 5000 | 2350 | 31-03-2023 | ഒന്നാമത്തെ പുനർദർഘാസി ൽ ബിഡ്ഡർ പ്രീ ക്വാളിഫിക്കേഷ ൻ നേടാത്തതിനാൽ ദർഘാസ് റദ്ദാക്കി. പുതിയ ഉത്തരവ് പ്രകാരം റോഡ് റെസ്റ്റൊറേഷൻ പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുനർ നിർണ്ണയിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |
| | | അകലകുന്നം | 23-02-2022 | | 2212 | | |
| 7 | കൂരോപ്പട | കൂരോപ്പട | 23-02-2022 | 4771 | 8509 | 31-03-2023 | കൂരോപ്പട പഞ്ചായത്തിനുവേണ്ടി 4771 കണക്ഷനുകൾ നൽകുന്നതിനായി 8509 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ സർവ്വേ നടപടികൾക്കുള്ള ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. ഇതിനുപുറമെ133 കണക്ഷനുകൾ നൽകുന്നതിനായി 19.29 ലക്ഷം രൂപയുടെ ഭരണാനുമതി ജലനിധിക്കും 24.12.2020-ൽ നൽകിയിട്ടുണ്ട്. |
| 8 | മീനടം | മീനടം ഘട്ടം1 | 24-12-2020 | 100 | 13.58 | | മീനടം, പഞ്ചായത്തിൽ ജല ജീവൻ മിഷൻ പദ്ധതി ജലനിധിയാണ് നടപ്പിലാക്കുന്നത്. |
| | | മീനടം ഘട്ടം 2 | 23-02-2022 | 1900 | 1520 | | |

**സെക്ഷൻ ഓഫീസർ**